**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2346** **27-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ നികുതി-നികുതിയേതര വരുമാനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ. എൻ. ജയരാജ്</td><td colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാനത്തെ നികുതി-നികുതിയേതര വരുമാനം സംബന്ധിച്ച പ്രതിവർഷ കണക്ക് അറിയിക്കാമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാനത്തെ നികുതി-നികുതിയേതര വരുമാനം സംബന്ധിച്ച പ്രതിവർഷ കണക്ക് ചുവടെ ചേർക്കുന്നു.<br>
<table>
<tr><th colspan="3">തുക കോടിയിൽ</th></tr>
<tr><td>സാമ്പത്തിക വർഷം</td><td>സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം</td><td>സംസ്ഥാനത്തിന്റെ തനതു നികുതിയേതര വരുമാനം</td></tr>
<tr><td>2021-22</td><td>58340.52</td><td>10462.51</td></tr>
<tr><td>2022-23</td><td>71968.16</td><td>15117.96</td></tr>
<tr><td>2023-24*</td><td>74258.34*</td><td>16318.87</td></tr>
</table>
*അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം</td></tr>
<tr><td>(ബി)</td><td>പ്രസ്തുത കാലയളവിൽ ഓരോ മേഖലയിൽ നിന്നും ലഭിച്ച വരുമാനം ഇനം തിരിച്ച് അറിയിക്കാമോ; പ്രസ്തുത വരുമാനത്തിൽ മദ്യം, ലോട്ടറി എന്നീ മേഖലയിൽ നിന്നും ലഭിച്ച വരുമാനം എത്ര ശതമാനം വരുമെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>പ്രസ്തുത കാലയളവിൽ ഓരോ മേഖലയിൽ നിന്നും ലഭിച്ച വരുമാനം സംബന്ധിച്ച ഇനം തിരിച്ചുള്ള വിവരവും പ്രസ്തുത വരുമാനത്തിൽ മദ്യം, ലോട്ടറി എന്നീ മേഖലകളിൽ നിന്നും ലഭിച്ച വരുമാനം എത്ര ശതമാനം വരും എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.</td></tr>
<tr><td>(സി)</td><td>മേൽ കാലയളവിൽ സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ സിംഹഭാഗവും ലോട്ടറി, മദ്യം എന്നിവയിൽ നിന്നും ആണെന്ന തരത്തിൽ പ്രചരിപ്പിക്കപ്പെടുന്ന കണക്കുകളുടെ യാഥാർത്ഥ്യം വെളിപ്പെടുത്താമോ?</td><td>(സി)</td><td>2021-2022 കാലയളവിൽ സംസ്ഥാനത്തിന്റെ ആകെ വരുമാനം 68803.03 കോടി രൂപയായിരുന്നു. ഇതിൽ ലോട്ടറി, മദ്യം എന്നിവയിൽ നിന്നും ലഭിച്ചത് 19841.88 കോടി രൂപയാണ്.<br><br>2022-2023 കാലയളവിൽ സംസ്ഥാനത്തിന്റെ ആകെ വരുമാനം 87086.12 കോടി രൂപയായിരുന്നു. ഇതിൽ ലോട്ടറി, മദ്യം എന്നിവയിൽ നിന്നും ലഭിച്ചത് 25397.37 കോടി രൂപയാണ്.<br><br>2023-2024 കാലയളവിൽ സംസ്ഥാനത്തിന്റെ ആകെ വരുമാനം 90577.21 കോടി രൂപയാണ്. ഇതിൽ ലോട്ടറി, മദ്യം എന്നിവയിൽ നിന്നും ലഭിച്ചത്</td></tr>
</table>

| | | | |
|---|---|---|---|
| | | | 29127.66 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

തുക കോടിയിൽ

| ഇനം | വിവരണം | 2021-22 | 2022-23 | 2023-24* |
|---|---|---|---|---|
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | സംസ്ഥാന ചരക്ക് സേവന നികുതി | 24169.81 | 29513.28 | 30492.32 |
| | കാർഷികാദായ നികുതി | 0.50 | 0.39 | 0.21 |
| | ഭൂനികുതി | 470.84 | 718.90 | 711.71 |
| | മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 4857.33 | 6216.71 | 5694.88 |
| | കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിൻമേലുള്ള നികുതികൾ | 159.33 | 240.08 | 236.05 |
| | സംസ്ഥാന എക്സൈസ് | 2032.23 | 2875.95 | 2944.02 |
| | വില്പന നികുതി | 22487.43 | 26875.78 | 27691.04 |
| | വാഹന നികുതികൾ | 4037.10 | 5386.81 | 6340.46 |
| | ചരക്കുകളുടെയും യാത്രാക്കാരുടെയും മേലുള്ള നികുതികൾ | 0.00 | 0.00 | 0.00 |
| | വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 69.92 | 72.35 | 85.49 |
| | ക്രയവസ്തുക്കളേയും സേവനങ്ങളേയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും | 56.04 | 67.89 | 62.17 |
| | **ആകെ നികുതി വരുമാനം** | **58340.52** | **71968.16** | **74258.34** |
| സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | പലിശ വരവിനങ്ങൾ | 177.05 | 171.95 | 163.24 |
| | ലാഭവും ലാഭവിഹിതവും | 227.98 | 48.93 | 242.68 |
| | പോലീസ് | 257.61 | 233.66 | 223.33 |
| | ലോട്ടറി | 7134.93 | 11892.88 | 12530.86 |
| | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 245.16 | 281.63 | 230.35 |
| | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 294.57 | 334.68 | 311.72 |
| | വനവൽക്കരണവും വന്യജീവി സംരക്ഷണവും | 200.57 | 290.61 | 262.43 |
| | ഇരുമ്പേതര ഖനനവും ധാതു വ്യവസായവും | 220.91 | 340.99 | 555.25 |
| | മറ്റിനങ്ങൾ | 1703.73 | 1522.62 | 1799.01 |
| | **ആകെ നികുതിയേതര വരുമാനം** | **10462.51** | **15117.96** | **16318.87** |

*അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം

മദ്യത്തിൽ നിന്നും ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം (തുക കോടിയിൽ) | മദ്യത്തിൽ നിന്നുള്ള വരുമാനം (തുക കോടിയിൽ) | മദ്യത്തിൽ നിന്നുള്ള വരുമാനം (ശതമാനത്തിൽ) |
|---|---|---|---|
| 2021-22 | 58340.52 | 12706.95 | 21.78 |
| 2022-23 | 71968.16 | 13504.49 | 18.76 |
| 2023-24 | 74258.34 | 16596.80 | 22.35 |

ലോട്ടറിയിൽ നിന്നും ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | സംസ്ഥാനത്തിന്റെ തനതു നികുതിയേതര വരുമാനം (തുക കോടിയിൽ) | ലോട്ടറിയിൽ നിന്നുള്ള വരുമാനം (തുക കോടിയിൽ) | ലോട്ടറിയിൽ നിന്നുള്ള വരുമാനം (ശതമാനത്തിൽ) |
|---|---|---|---|
| 2021-22 | 10462.51 | 7134.93 | 68.19 |
| 2022-23 | 15117.96 | 11892.88 | 78.66 |
| 2023-24 | 16318.87 | 12530.86 | 76.78 |

**സെക്ഷൻ ഓഫീസർ**